**ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപത**

**ഇടയലേഖനം 12** **09/11/2020**

**കുടുംബക്കൂട്ടായ്മ: തിരുസഭയെയും കുടുംബങ്ങളെയും കൂട്ടിയിണക്കുന്ന കണ്ണി**

ദൈവപരിപാലനയിൽ ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപത, അതിന്റെ അജപാലനശുശ്രൂഷയുടെ സുപ്രധാനമായ ഒരു മേഖലയിൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണ് ഈ വർഷം (2020 നവംബർ 29 മുതൽ 2021 നവംബർ 27വരെ). ദൈവം നമുക്ക് ദാനമായി നൽകിയ അജപാലനപദ്ധതിയുടെ ഈ നാലാംവർഷം, സവിശേഷമായ വിധത്തിൽ, **കുടുംബകൂട്ടായ്മകളുടെ നവീകരണത്തിനും ശക്തിപ്പെടുത്തലിനു**മായി നമ്മൾ മാറ്റിവയ്ക്കുകയാണ്. ഇതിലൂടെ, കുടുംബങ്ങളുടെ വിശുദ്ധീകരണം, കുട്ടികളുടെ പരിശീലനം, തിരുസഭാത്മകജീവിതാനുഭവം എന്നിവയാണ് നമ്മുടെ രൂപത ലക്ഷ്യംവയ്ക്കുന്നത്. കുടുംബകൂട്ടായ്മകളുടെ പ്രസക്തിയും പ്രാധാന്യവും അതിനുവേണ്ടി രൂപതസ്വീകരിക്കുന്ന ക്രമീകരണങ്ങളും സ്നേഹപൂർവ്വം നിങ്ങളെ അറിയിക്കുന്നതിനാണ് ഞാനിത് നിങ്ങൾക്കെഴുതുന്നത്.

കുടുംബം ഗാർഹികസഭ *(Domestic Church)*എന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ (LG 11)പഠിപ്പിക്കുന്നത്. കുടുംബത്തിന് തിരുസഭയോടുള്ള ആഴമേറിയ ബന്ധമാണ് ഈ വിശേഷണത്തിന് ആധാരം. കത്തോലിക്കാ കുടുംബങ്ങൾ ഒറ്റപ്പെട്ട വീടുകളല്ല മറിച്ച്, തിരുസഭയുടെ അടിസ്ഥാനഘടകങ്ങളാണ്.

തിരുസഭയോടുള്ള ബന്ധമാണ് കുടുംബത്തെ കുടുംബമാക്കുന്നത്. പൗലോസ്ശ്ലീഹ പഠിപ്പിക്കുന്നു: സഭയോടും മിശിഹായോടും ബന്ധപ്പെടുത്തിയാണ് ഞാനിവ നിങ്ങളോടു പറയുന്നത് (എഫേ 5:32). സഭയോടും മിശിഹായോടും കൗദാശികമായി ബന്ധപ്പെട്ടിക്കുന്നതുകൊണ്ടാണ് നമ്മുടെ കുടുംബങ്ങൾ ഗാർഹികസഭകളായിരിക്കുന്നത്.

കുടുംബങ്ങളേ, നിങ്ങൾ എന്താണോ അതായിരിക്കുക (*FamiliarisConsortio 17*)എന്ന വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ആഹ്വാനം, കത്തോലിക്കാകുടുംബം എന്നത് അടിസ്ഥാനപരമായും പ്രാഥമികമായും ഒരു സഭാത്മകയാഥാർത്ഥ്യമാണ് എന്നാണ് വിവക്ഷിക്കുന്നത്. വിവാഹം വഴി കൗദാശികമായി സ്ഥാപിക്കപ്പെട്ട ഒരു കുടുംബത്തിന്, തിരുസഭയിൽനിന്നും വേറിട്ടൊരസ്തിത്വം സാധ്യമല്ല. തിരുസഭയിൽനിന്നും അകലുമ്പോൾ, കുടുബങ്ങളുടെ അസ്തിത്വവും അടിത്തറയുംതന്നെയാണ് അകലുകയും ഇളകുകയും ചെയ്യുന്നത്.

എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചുകളയുന്നു (മത്താ 12:30) എന്ന ഈശോയുടെ വചനങ്ങൾ കുടുംബത്തെ സംബന്ധിച്ച് അടിസ്ഥാനപാഠമാണ്. മിശിഹായോടും അവിടുത്തെ ശരീരമായ സഭയോടുംകൂടിയല്ലാതെ കുടുംബത്തെയും കുടുംബബന്ധങ്ങളെയും ചേർത്തുനിർത്തുക സാധ്യമല്ല. ഇക്കാരണത്താലാണ് കുടുംബത്തെയും തിരുസഭയെയും കൂട്ടിയിണക്കുന്ന ഏറ്റവും പ്രധാന കണ്ണിയായ കുടുംബകൂട്ടായ്മകൾ പ്രസക്തമായിരിക്കുന്നത്.

ആദിമസഭാചരിത്രം, കുടുംബകൂട്ടായ്മകൾ തിരുസഭാജീവിതത്തിന്റെ ഭാഗമായിരുന്നു എന്ന് വെളിപ്പെടുത്തുന്നു. തിരുസഭ ഒരു ഭവനമാണ്. സത്യത്തിന്റെ തൂണും കോട്ടയുമായ ദൈവഭവനം (1 തിമോ 3:15) എന്നാണ് വചനം സഭയെ വിശേഷിപ്പിക്കുന്നത്. അതിനാൽ ഭവനങ്ങളിലെ സമ്മേളനങ്ങൾ ഉചിതമാണെന്ന് ആദിമസഭയ്ക്ക് ബോധ്യമുണ്ടായിരുന്നു. സഭയുടെ ആദ്യസമ്മേളനം തങ്ങൾ താമസിച്ചിരുന്ന ഭവനത്തിന്റെ മുകളിലത്തെ നിലയിലുള്ളമുറിയിൽ (Acts. 1:13)ആയിരുന്നു. അക്വിലായുടെയും പ്രഷില്ലായുടെയും ഭവനത്തിൽ സഭ സമ്മേളിച്ചിരുന്നു എന്ന് റോമാലേഖനം 16:3-5 ലും കാണുന്നു.

സഭായോഗങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ഇങ്ങനെയാണ്: ആദിമസഭ, ഭവനംതോറും സമ്മേളിക്കുകയും ചെയ്തിരുന്നു (Acts. 2:46). അവർ ദൈവാലയത്തിലെ സമ്മേളനത്തോടൊപ്പമായിരുന്നു ഇങ്ങനെ ഭവനങ്ങളിൽ സമ്മേളിച്ചിരുന്നത്. ശ്ലീഹന്മാർ ദൈവാലയത്തിലും ഭവനങ്ങളിലും പഠിപ്പിച്ചിരുന്നുവെന്ന് അപ്പസ്തോലപ്രവർത്തനം 5:42 ലും 20:20 ലും നാം വായിക്കുന്നു.

സഭയുടെ കൂട്ടായ്മകളിൽ എല്ലാവരും നിർബന്ധമായും പങ്കുചേരേണ്ടതുണ്ടെന്ന് പൗലോസ് ശ്ലീഹാ നിർദേശിക്കുന്നു. ചിലർ സാധാരണയായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയുംവേണം (Heb 10:25) ഇക്കാരണത്താലാണ് നമ്മുടെ രൂപത ഈ വർഷം കുടുംബകൂട്ടായ്മ വർഷമായി ആചരിക്കാൻ തീരുമാനിച്ചത്.

സീറോമലബാർസഭയിലെ കുടുംബക്കൂട്ടായ്മ, സീറോമലബാർ കുടുംബകൂട്ടായ്മ (SMKK) എന്ന പേരിലുള്ള ഒരു ഔദ്യോഗികസംവിധാനമാണ് ഇപ്പോൾ. രൂപതാഡയറക്ടറുടെയും ഫൊറോനഡയറക്ടറുടെയും ഭാരവാഹികളുടെയും നേതൃത്വത്തിലും ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഭാരവാഹികളുടെയും നേതൃത്വത്തിലും കുടുംബക്കൂട്ടായ്മകൾ സംഘടിപ്പിക്കപ്പെടുന്നു. ഓരോതലത്തിലും ഡയറക്ടർ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ്സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്നതാണ് രണസമിതി. അതായത്, കുടുംബകൂട്ടായ്മകൾ ആഗോളസീറോമലബാർ സഭയിലെ പ്രാധാന്യമർഹിക്കുന്ന ഔദ്യോഗികസംവിധാനം തന്നെയാണ്.

കുടുംബകൂട്ടായ്മകൾക്ക് ഇങ്ങനെയൊരു ക്രമീകരണം ഉള്ളതുപോലെതന്നെ അതൊരു ആഴമേറിയ ആദ്ധ്യാത്മിക സംവിധാനംകൂടിയാണ് എന്ന് നാം മനസിലാക്കണം. കൂട്ടായ്മ (Communion) എന്ന ദൈവികരഹസ്യമാണ് അതിന് അടിത്തറ.

കൂട്ടായ്മ എന്ന ആദ്ധ്യാത്മിക യാഥാർത്ഥ്യം ദൈവത്തിൽനിന്നാണ് ഉറവെടുക്കുന്നത്. പിതാവായ ദൈവം ഈശോമിശിഹായിൽ നമുക്കു വെളിപ്പെടുത്തിയ തിരുഹിതവും തിരുമുഖവും കൂട്ടായ്മയുടേതാണ്. ദൈവം മൂന്നു ദൈവികവ്യക്തികളുടെ കൂട്ടായ്മയാണ്. അത് ദൈവികച്ഛായതന്നെയാണ്. തന്റെ ഛായയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്ന് വിശുദ്ധഗ്രന്ഥം പഠിപ്പിക്കുമ്പോൾ, അതിനർത്ഥം തന്റെ കൂട്ടായ്മയുടെ ഛായയിൽ അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചു എന്നുതന്നെയാണ് അർത്ഥം. അതുകൊണ്ടുതന്നെ കൂട്ടായ്മകളെ നിഷേധിക്കുന്നവൻ നിഷേധിക്കുന്നത് ദൈവത്തെയും അവിടുത്തെ സൃഷ്ടിരഹസ്യത്തെയുമാണ്. അതൊരു ഗൗരവമായ വഴിതെറ്റലാണ്. അതുകൊണ്ട്, രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: ദൈവം മനുഷ്യനെ ഏകാകിയായി ജീവിക്കാനല്ല; പ്രത്യുത കൂട്ടായ്മയായി രൂപംകൊള്ളാനാണ് സൃഷ്ടിച്ചത്. അതുപോലെതന്നെ മനുഷ്യനെ ഒറ്റയ്ക്കൊറ്റയ്ക്ക് വിശുദ്ധീകരിച്ച് രക്ഷപെടുത്താനല്ല പ്രത്യുത, അവരെ ഒരു ജനമാക്കിത്തീർത്ത് അവിടുത്തെ സത്യത്തിൽ അറിയുന്നതിനും വിശുദ്ധമായി ശുശ്രൂഷിക്കുന്നതിനുമായാണ് തിരുമനസ്സായത് (*GS. 32*).

സ്വയം കൂട്ടായ്മയായിരിക്കുന്ന ദൈവത്തിന് തന്നെത്തന്നെ വെളിപ്പെടുത്താൻ ഒരു ഭൗമികവും അതേസമയം ദൈവികവുമായ ഒരു കൂട്ടായ്മ ആവശ്യമായിരുന്നു. അതാണ് തിരുസഭ. തിരുസഭയെ സൂചിപ്പിക്കുന്ന ഗ്രീക്ക്പദം *Ekklesia(ek+kaleo)*എന്നാണ്. ഒരുമിച്ചുകൂടുക എന്നാണ് അതിനർത്ഥം. അതിനാൽ ദൈവേഷ്ടവും ദൈവഛായയുമായ തിരുസഭാകൂട്ടായ്മകൾ ഒരിക്കലും നാം തള്ളിക്കളയുകയോ നിസ്സാരമാക്കുകയോചെയ്യരുത്.

തിരുസഭാജീവിതത്തിന്റെ കേന്ദ്രവും ഉച്ചസ്ഥായിയുമായ വിശുദ്ധ കുർബാനയെ ഏറ്റവും ഉചിതമായി സൂചിപ്പിക്കുന്ന പദം Communion അഥവാകൂട്ടായ്മ എന്നാണ്. വിശുദ്ധ കുർബാനയാകുന്ന ഈശോയുടെ ശരീരം പരിശുദ്ധ കൂട്ടായ്മയാണ് എന്ന് നാം വിവേകത്തോടെ തിരിച്ചറിയണം. കൂട്ടായ്മ നഷ്ടമാകുന്നിടത്ത് വിശുദ്ധ കുർബാനയില്ല. സഭ വിശുദ്ധകുർബാനയെ രൂപപ്പെടുത്തുന്നു, വിശുദ്ധ കുർബാന സഭയെ രൂപപ്പെടുത്തുന്നു.

ഈശോമിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്ന നാമെല്ലാവരും കൂട്ടായ്മയിലേക്ക് ക്ഷണിക്കപ്പെട്ടവരാണ്. കൂട്ടായ്മ നിഷേധിക്കുന്നവർ യഥാർത്ഥത്തിൽ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരായി പാപം ചെയ്യുന്നു. നാം ഇടവകയിൽ അർപ്പിക്കുന്ന സ്നേഹബലിയുടെ കൂട്ടായ്മാചൈതന്യം പങ്കുവയ്ക്കുന്ന ഇടങ്ങളാകണം നമ്മുടെ കുടുംബകൂട്ടായ്മകൾ. അതുകൊണ്ടുതന്നെ നമ്മുടെ രൂപതാംഗങ്ങളാരും കുടുംബക്കൂട്ടായ്മകളിൽനിന്നും അകന്നുകഴിയാൻ ഇടവരരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു.

കൂട്ടായ്മയമാണ് ശക്തി. കൂട്ടായ്മകളിലായിരിക്കുമ്പോൾ മാത്രമാണ് നമുക്ക് ശക്തിയുണ്ടാകുന്നത്. നമ്മുടെ മക്കൾ സുരക്ഷിതരാകുന്നതും അവർക്ക് നല്ല വ്യക്തിത്വമുണ്ടാകുന്നതും ഈ സ്നേഹ കൂട്ടായ്മയിൽത്തന്നെയാണ്. സ്വതന്ത്രവും തുറവുള്ളതുമായ യഥാർത്ഥ കൂട്ടായ്മയുടെ അരൂപിയിലേ നമുക്ക് സാഹോദര്യം യാഥാർത്ഥ്യമാക്കാനാകൂ എന്ന് ഫ്രാൻസിസ് പാപ്പായും പഠിപ്പിക്കുന്നു.

നമ്മുടെ കുടുംബകൂട്ടായ്മകൾ സീറോമലബാർ സഭാപാരമ്പര്യത്തിന്റെ പഠനവേദിയും പരിശീലനകേന്ദ്രവുമാകണം. നമ്മുടെ കുട്ടികൾക്ക് അവരുടെ വിശ്വാസവും കഴിവുകളും ബന്ധങ്ങളും വളർത്താനുള്ള ഇടമാകണമത്. കുഞ്ഞുങ്ങളുടെ പരിശീലകർ അവരുടെ മാതാപിതാക്കൾ മാത്രമാണെന്ന ധാരണ നാം മാറ്റേണ്ടതുണ്ട്. അവർ ദൈവത്തിന്റെയും സഭയുടെയും സമൂഹത്തിന്റേതുമാണ്. അവരെ പരിശീലിപ്പിക്കാൻ ദൈവം കൂട്ടായ്മകളെക്കൂടി ചുമതലപ്പെടുത്തിയിരിക്കുന്നുണ്ടെന്ന് നാം

തിരിച്ചറിയണം. ഒറ്റപ്പെടലനുഭവിക്കുന്നവർക്കും പലവിധ തകർച്ചകളിലായിരിക്കുന്നവർക്കും നമ്മുടെ കുടുംബകൂട്ടായ്മകൾ തണലും സഹായവുമാകണം. നമ്മുടെ ഒരുമയുടെ സ്നേഹവും ആനന്ദവും കണ്ട് ആദിമസഭയിലെന്നതുപോലെ ജനം മിശിഹായെ തേടിവരാൻ ഇടയാക്കണം.

ആദിമസഭയിലെന്നപോലെ അപ്പസ്തോലിക വിശ്വാസപ്രബോധനം സൂക്ഷ്മവും വ്യതിരിക്തവുമായി അജപാലകർ കൂട്ടായ്മകളിൽ ദൈവജനത്തിനു പങ്കുവച്ചുനൽകണം. അവരുടെ ജിജ്ഞാസയെയും ആകാംക്ഷഭരിതമായ ചോദ്യങ്ങളെയും അഭിമുഖീകരിക്കാനും വ്യക്തതയോടെ തിരുസഭയുടെ ഉത്തരങ്ങളും നിലപാടുകളും പ്രബോധിപ്പിക്കാനും ബഹുമാനപ്പെട്ട വൈദികർ ഉത്സുകരാകണമെന്ന് ഞാൻ സ്നേഹപൂർവം ഓർമിപ്പിക്കുന്നു.

കാണാതായ ആടിനെ അന്വേഷിച്ചലയുന്ന മിശിഹായുടെ ആകുലപ്പെടുന്ന ഹൃദയം നമുക്കോരോരുത്തർക്കും ഉണ്ടാകട്ടെ. അകന്നുകഴിയുന്നവരെ കാരുണ്യത്തോടും സ്നേഹത്തോടും ക്ഷമയോടും കരുതലോടുംകൂടി ചേർത്തുനിർത്താൻ കുടുംബകൂട്ടായ്മകളുടെ ഭാരവാഹികൾ പരിശ്രമിക്കണം. അങ്ങനെ ഓരോ കുടുംബത്തെയും ഇടവകയോട്, തിരുസഭയോട് ബന്ധിപ്പിക്കുന്ന സജീവകണ്ണികളാവണം നമ്മുടെ കുടുംബകൂട്ടായ്മകൾ.

കുടുംബകൂട്ടായ്മായോഗങ്ങളുടെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നിങ്ങളെ സമയോചിതമായി അറിയിക്കുന്നതാണ്. കുടുംബകൂട്ടായ്മകളിൽ സംബന്ധിക്കാൻ ഞാനും ശ്രമിക്കുന്നതാണ്. നിങ്ങളെയെല്ലാവരും ഞാൻ എന്റെ പ്രാർത്ഥനകളിൽ അനുസ്മരിക്കുന്നു. ഈശോ നമുക്കുവേണ്ടി ആവർത്തിച്ചുസമർപ്പിച്ച പ്രാർത്ഥനയിൽ ഞാൻ നിങ്ങളെ അനുസ്മരിക്കുകയും അതിൽ ഞാനും പങ്കുചേരുകയുംചെയ്യുന്നു: അവർക്കുവേണ്ടിമാത്രമല്ല അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായരിക്കുന്നതിന് അങ്ങ് എനിക്കുതന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു (Jn. 17:20-22).

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

+ Joseph Srampickal

**മാർജോസഫ് സ്രാമ്പിക്കൽ**

**ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർരൂപതാമെത്രാൻ**

NB: *ഇടയലേഖനം 2020 ഡിസംബർ 9-ന് മുൻപായിഎല്ലാദൈവാലയങ്ങളിലുംവായിക്കേണ്ടതാണ്.*